(ബി) ഇത് സംബന്ധിച്ച് എൻ. ടി പി. സി.-യുമായി ചർച്ചനടത്തിയിട്ടുണ്ടോ;

(സി) കുറഞ്ഞ വിലയ്ക്ക് വൈദ്യുതി നൽകുന്നതിന് എൻ. ടി. പി. സി. സമ്മതിച്ചിട്ടുണ്ടോ;

(ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെ ട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി & ഡി) കായംകുളം താപനിലയത്തിൽനിന്നുള്ള 180 മെഗാവാട്ട് വൈദ്യുതിയും കിഴക്കൻ മേഖലയിൽ നിന്നുള്ള 180 മെഗാവാട്ട് വൈദ്യുതിയും ചേർത്ത് വൈദ്യുതിയുടെ സമ്മിശ്ര വില (composite) കുറയ്ക്കണമെന്ന് കേന്ദ്ര ഊർജ്ജ മന്ത്രാ ലയത്തോട് ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 110 മെഗാവാട്ട് വൈദ്യുതി കിഴക്കൻ മേഖലയിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുണ്ട്. കായംകുളം താപനിലയത്തിൽനിന്നും ഇപ്പോൾ തമിഴ്നാടിന് 180 മെഗാവാട്ട് നൽകുന്നതിനുള്ള ഉത്തരവ് 31-3-2005-ന് ശേഷവും തുടരണമെന്നും കൂടാതെ കിഴക്കൻ മേഖലയിൽനിന്നും അധികമായി 70 മെഗാവട്ട് വൈദ്യുതി കൂടി 3 മാസത്തിനകം അനുവദിക്കണമെന്ന വ്യവസ്ഥകളിൽ നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാർ പുതുക്കാമെന്ന് വൈദ്യുതി ബോർഡ് എൻ. ടി. പി. സി.-യെ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി ഇലക്ട്രിക് സെക്ഷനിലെ വൈദ്യുതി കണക്ഷൻ

29 [2646] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി ഇലക്ട്രിക് സെക്ഷനിലെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടു ത്താമോ;

(ബി) ഇതിൽ ഗാർഹിക ഉപയോഗം, വ്യവസായം, കൃഷി എന്നിവയ്ക്കുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണം പ്രത്യേകം പ്രത്യേകം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. ബാലുശ്ശേരി .. 22104

2. അത്തോളി .. 13303

(ബി)

	സെക്ഷന്റെ പേര്	
	ബാലുശ്ശേരി	അത്തോളി
ഗാർഹികം	18226	11037
വ്യവസായം	209	149
കാർഷികം	531	357

താമരക്കുളത്ത് കളക്ഷൻ സെന്റർ സ്ഥാപിക്കാൻ നടപടി

30 [2647] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ താമരക്കുളം ഗ്രാമപഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ വൈദ്യുത ചാർജ്ജ് അടയ്ക്കാൻ ബഹുദൂരം സഞ്ചരിക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ താമരക്കുളം കേന്ദ്രമായി ഒരു കെ. എസ്. ഇ. ബി. കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) താമരക്കുളത്ത് ഒരു കളക്ഷൻ സെന്റർ എന്നത്തേക്ക് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇക്കാര്യം പരിഗണനയിലാണ്.

കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് കെട്ടിടം മാറ്റുന്നത് സംബന്ധിച്ച്

31 [2648] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം കെ. എസ്. ഇ. ബി. ഓഫീസ് ഒഴിഞ്ഞു കൊടുക്കണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly